# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4592** **26.06.2014-ൽ മറുപടിക്ക്**

## താവം റെയിൽപ്പാലം

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ് | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പിലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പഴയങ്ങാടി താവം റെയിൽവെ ഗേറ്റിന് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ അനുമതി വൈകുന്നതിനുള്ള കാരണം അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | താവം റെയിൽവേ ഓവർ ബ്രിഡ്ജിന് ഡെപ്പോസിറ്റ് വർക്കായി 7 വർഷം മുൻപ് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുള്ളതാണ്. 2012-ൽ പിലാത്തറ - പാപ്പിനിശ്ശേരി റോഡ് കെ.എസ്.ടി.പി. ഏറ്റെടുത്ത് നടപ്പിലാക്കുവാൻ നിശ്ചയിച്ചപ്പോൾ റെയിൽവേയുമായുള്ള cost sharing ധാരണപ്രകാരമുള്ള എസ്റ്റിമേറ്റ് തുകയുടെ പകുതി ഡെപ്പോസിറ്റ് ചെയ്യുവാനായി റെയിൽവേയ്ക്ക് കത്ത് നൽകുകയുണ്ടായി. ഇതിനു മറുപടിയായി നിലവിൽ അനുമതി ലഭിച്ചിരുന്ന ജനറൽ അലൈൻമെന്റ് ഡ്രോയിംഗും എസ്റ്റിമേറ്റും പുതുക്കുവാനാണ് റെയിൽവേ ആവശ്യപ്പെട്ടത്. പുതുക്കിയ ഡ്രോയിംഗ് റെയിൽവേയുടെ നിർദ്ദേശ പ്രകാരം വീണ്ടും തിരുത്തലുകൾ നടത്തുകയുണ്ടായി. റെയിൽവേ ആവശ്യപ്പെട്ട പ്രകാരം തിരുത്തലുകൾ ചെയ്ത ഡ്രോയിംഗ് Southern Railway Chief Engineer (Construction)-ന് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ അനുമതി എത്രയും വേഗം ലഭിക്കുന്നതിനാവശ്യമായ നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുമോ ? | (ബി) | ഇതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ